(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) വ്യവസ്ഥകൾക്ക് അനുസൃതമായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് തന്നെ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ജനന-മരണ രജിസ്ട്രേഷൻ നടപടി

148 (1906) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(a) നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്-ആവശ്യകത പരിഗണിക്കാതെ നൽകേണ്ടതാണ്.

(b) 2008-ന് മുമ്പ് ദത്തെടുത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യാവുന്നതും ഗാർഡിയൻഷിപ്പ് വച്ച് ദത്തെടുത്ത കുട്ടികളുടെ രജിസ്ട്രേഷനിലും പ്രസ്തുത വിവരം കാണിച്ച് സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്. കൂടാതെ ദത്തെടുത്ത കുട്ടികൾക്ക് അപമാനകരമായ രീതിയിൽ ജനനസ്ഥലം രേഖപ്പെടുത്താൻ പാടുള്ളതല്ല.

(c) ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടെ പേര് ഓമനപ്പേരാണെങ്കിൽ പ്രായപരിധിയില്ലാതെ പ്രസ്തുത പേര്മാറ്റി യഥാർത്ഥ പേര് ചേർക്കാവുന്നതും അല്ലാത്തവയിൽ 6 വയസ്സിന് മുമ്പ് ഒരു പ്രാവശ്യം പേരിൽ മാറ്റം വരുത്താവുന്നതുമാണ്. കൂടാതെ 6 വയസ്സിന് ശേഷമാണെങ്കിൽ ഏഫിയാസ് ചേർത്ത് അറിയപ്പെടുന്ന പേര് കൂട്ടിചേർക്കാവുന്നതും ഉച്ചാരണത്തിൽ മാറ്റം വരാതെയാണെങ്കിൽ പ്രായപരിധിയില്ലാതെ മാറ്റം വരുത്താവുന്നതുമാണ്.

(d) മേൽ പ്രസ്താവിച്ചത് മാതാപിതാക്കളുടെ പേരിലെ തിരുത്തൽ/കൂട്ടിചേർക്കൽ എന്നിവയിലും ബാധകമാണ്.

(e) മേൽ പ്രസ്താവിച്ചത് കൂടാതെ ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയിട്ടുണ്ടെങ്കിൽ ആയതും ഏഫിയാസ് ചേർക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(f) 1-4-1970-ന് ശേഷമുള്ള തിരുത്തലുകൾക്ക് ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമില്ല. കൂടാതെ സ്കൂൾ രേഖയിലുള്ളതു പോലെ പേര് ചേർക്കുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ നിർബന്ധമില്ല.

(g) പേരിനൊപ്പം ഇൻഷ്യലിന്റെ വികസിത രൂപം ചേർക്കുവാനുള്ള അപേക്ഷയും ഇൻഷ്യൽ, ജാതിപ്പേര്, സർനെയിം എന്നിവ ഉൾപ്പെടുത്താനും ഒഴിവാക്കാനുമുള്ള അപേക്ഷയും പരിഗണിക്കാവുന്നതാണ്.

(h) കാലപ്രഹരംമൂലം രജിസ്റ്ററുകൾ നശിച്ചുപോയാൽ അപേക്ഷകന്റെ പക്കലോ സ്ഥാപനത്തിലോ എന്തെങ്കിലും തെളിവുകളുണ്ടെങ്കിൽ രജിസ്ട്രേഷൻ പുനഃസൃഷ്ടിക്കാവുന്നതാണ്.

(i) ജനന-മരണ സർട്ടിഫിക്കറ്റുകളിൽ ഇംഗ്ലീഷിലും പരിഭാഷ മലയാളത്തിലും ഉൾക്കൊള്ളിക്കേണ്ടതാണ്.

(j) സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റിന് യാതൊരു ഫീസും ഈടാക്കാൻ പാടില്ലാത്തതും കൈപ്പറ്റിയില്ലെങ്കിൽ തപാൽ മുഖേന അയയ്ക്കേണ്ടതാണ്.

ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നടപടി

149 (1907) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് 2009-ന് ശേഷം സർക്കാർ നൽകിയതെന്ന് വ്യക്തമാക്കാമോ :

(ബി) 2009-ന് ശേഷം ഇറങ്ങിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ :

(സി) 1998-നു ശേഷം ജനിച്ചവർക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ശ്രമിക്കുമോ ?

ഉത്തരം

(എ) 2009-ന് ശേഷം ദത്തെടുത്ത കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ സംബന്ധിച്ചും ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ചും ഓൺലൈൻ സർട്ടിഫിക്കറ്റുകൾ സ്കൂൾ പ്രവേശനത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ചും ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ (ഗാർഡിയൻഷിപ്പ്) സംബന്ധിച്ചും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly